പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3622 17.10.2011 - ൽ മറുപടിക്ക്

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തിക

ചോദ്യം	മറുപടി
ശ്രീ. പി.സി. വിഷ്ണുനാഥ്	ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി)

എ)	നിലവിലുള്ള വ്യവസ്ഥ പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം ജനസംഖ്യാനുപാതികമായി എത്ര എന്ന് വ്യക്തമാക്കുമോ ;	എ) & ബി)	സംസ്ഥാനത്ത് ജനസംഖ്യാനുപാതികമായി അത്തരം നിയമനം നടപ്പിലാക്കിയിട്ടില്ല.
ബി)	ഈ അനുപാതം പുതുക്കി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ;		
സി)	ഇതുമായി ബന്ധപ്പെട്ട് 12.08.2011-ലെ 31430/11/എം1/എച്ച്&എഫ്.ഡബ്ളിയു ഡി.നമ്പർ ഫയലിൽ ധനകാര്യ വകുപ്പ് എന്തു തീരുമാനമെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;	സി)	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തിക സൃഷ്ടിക്കുന്നതിന് ആരോഗ്യവകുപ്പു ഡയറക്ടറിൽ നിന്നും ലഭിച്ച പ്രൊപ്പോസലിൽ നിലവിൽ എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികയുണ്ടെന്നും, ഇതു സംബന്ധിച്ച് സർക്കാർ ചട്ടം എന്താണെന്നും, ഉള്ള തസ്തികയിൽ എല്ലാപേരും ജോലി ചെയ്യുന്നുണ്ടോ എന്നുമുള്ള കാര്യങ്ങൾ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ പ്രൊപ്പോസൽ പുന : പരിശോധിക്കാനായി ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടു.
ഡി)	നിലവിലുള്ള ആരോഗ്യ പാക്കേജിൽ ഗ്രേഡ്- 2 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ;	ഡി)	ഇതു സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.
ഇ).	ആലപ്പുഴ ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര തസ്തികകളുണ്ടെന്നും നിലവിലുള്ള ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നല്കിയെന്നും വ്യക്തമാക്കാമോ ;	ഇ)	ആലപ്പുഴ ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 108 തസ്തികകൾ നിലവിലുണ്ട്. നിലവിലുള്ള ലിസ്റ്റിൽ നിന്നും 46 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.
എഫ്)	ചെങ്ങന്നൂർ മണ്ഡലത്തിൽ നിലവിൽ എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാണ് എന്ന് വ്യക്തമാക്കാമോ ?	എ-ഫ്)	ചെങ്ങന്നൂർ മണ്ഡലത്തിൽ നിലവിൽ 12 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാണ്

സെക്ഷൻ ഓഫീസർ